പെരുന്തച്ചൻ അവനോട് ആംഗ്യം കാണിച്ച് കയർത്തു.

"അങ്ങോട്ട് തന്നേ ചോദിച്ചോ..."

അപ്പോൾ വേലിക്കെട്ടിനു പുറത്ത് വാദ്യമേളം ഉയർന്നു.

അവർ നോക്കുമ്പോൾ രാജദണ്ഡും പിടിച്ച് വല്ല്യ അധികാര ഭാവത്തിൽ ഭട്ടതിരി പറമ്പിലേക്ക് കടന്നു. പിറകെ വാദ്യവും മേളവും അകമ്പടിയും. പടത്തലവനും ഭണ്ഡാരം സൂക്ഷിപ്പുകാരനും തലപ്പാവ് ധരിച്ച മറ്റ് ചില കേമന്മാരും.

കൂട്ടത്തിൽ അമരക്കാരൻ രാമൻപിള്ള, പ്രധാനപടയാളി ചന്തുക്കുറുപ്പ്. പിറകിൽ നല്ലൊരു ജനക്കൂട്ടവും പണിശാലയിലേക്ക് കടന്നുവന്നു. പെരുന്തച്ചൻ അന്തം വിട്ടു.



"അമ്പലപ്പുഴ കണ്ണാ! .. സകലരും ഉണ്ടല്ലൊ!... ചെല്ലപ്പാ... ചെല്ലപ്പാ.. ഇനി രക്ഷയില്ലെടാ.. വള്ളത്തിന് പകരം ഇനി എന്താണാവോ കാണിക്കാൻ പോകുന്നത്.. ?"

പെട്ടെന്ന് കതിന വെടികൾ മുഴങ്ങി. എല്ലാവരും ഞെട്ടി ഒന്നിളകി അങ്ങോട്ട് നോക്കി.

സ്വൽപ്പം മാറി കതിനകൾ പൊട്ടുന്നു. അതോടെ പണിശാലയുടെ തോട്ടിലോട്ടുള്ള ഭാഗം ഒഴികെ മൂന്നുവശത്തും ഉള്ള പനമ്പു ചുമരുകൾ ഉള്ളിൽ നിന്നും കെട്ടു പൊട്ടിച്ച പോലെ പുറത്തോട്ട് മലർന്നു.







പെരുന്തച്ചൻ കണ്ടു.

അതുവരെ ലോകം കാണാത്ത ഒരു സാധനം.

എന്താണ് അവിടെ കണ്ടത്?

28 കോൽ (60 അടി) നീളം. 50 അങ്കുലം വീതി. എന്നുവെച്ചാൽ, അക്കാലത്ത് നിലവിലുള്ള ഇരുട്ടുകുത്തി വള്ളത്തിന്റെ ഒപ്പം വീതി, പക്ഷെ ഇരട്ടിയോളം നീളം.

തുലനം അതോടെ തീർന്നു.

ബാക്കി വിശദീകരണം കേട്ടാൽ ആരും ഒന്നു വിഷമിക്കും.

മുട്ടനാട് ഇടിയ്ക്കാൻ നിൽക്കും പോലെ ഒരു മുന. മുനതൊട്ടു മദ്ധ്യം വരെ ഒറ്റത്തടി. അതാകട്ടെ, മരം കുത്തിത്തുരന്നു അകം പൊള്ളയാക്കി എടുത്തിരിക്കുന്നു.
പകുതിതൊട്ടു പിന്നാക്കം നോക്കിയാൽ കാണാം... പലകകൾ തമര തുളച്ചു, മരയാണികൾ അടിച്ചു കൂട്ടിച്ചേർത്തു, 'ഇത് കാണുമ്പോൾ ഒരു വള്ളത്തിന്റെ ഓർമ്മ വരുന്നുണ്ടോ?' എന്നു തോന്നുമാറു ഒരു ഘടന.

ഏറ്റവും പിറകിൽ ഒരു തല. അതാകട്ടെ, രണ്ടര ആൾ പൊക്കത്തിൽ പണിതുകൂട്ടി ഉയർത്തി, പച്ചിരുമ്പു കീലങ്ങൾ അടിച്ചു ഉറപ്പിച്ചു നിർത്തിയിരിക്കുന്നു.

ഗുരുവിന്റെ ദൃഷ്ടി ആദ്യം പോയത് ഉയർന്നു നിൽക്കുന്ന അമരത്തിൽ കൈ ചാരിനിന്ന് തന്റെ നേരെ നോക്കി നെറ്റി തുടയ്ക്കുന്ന ശിഷ്യൻ ചെല്ലപ്പന്റെ നേർക്കാണ്.

പിന്നെ പോയത് കൂർത്തു നിൽക്കുന്ന മുൻവശത്തേക്ക്.

വാഴച്ചുണ്ടു പോലുള്ള ആ കൂമ്പിൽ നോക്കി അറിയാതെ പെരുന്തച്ചൻ ഉരുവിട്ടു

"*വാഴ* .. **ചു** ... **ണ്ടൻ**... "

അപ്പോൾ ആരും മനസ്സിലാക്കിയില്ല.

ഔപചാരികമല്ലാതെയുള്ള ഒരു പേരിടീലായിരുന്നു അത്.

ഒരു ചരിത്രനിമിഷം.

ശിഷ്യനെ മനസാ അനുഗ്രഹിച്ച് അവന്റെ സൃഷ്ടിക്ക് ഉത്തമനാമം ഉരുവിട്ടുപോയ ഗുരുവിന്റെ ജീവിതത്തിലെ ധന്യനിമിഷം.

ചെല്ലപ്പൻ പതിയെ മാറിയതും ആൾക്കൂട്ടം അതിനെപൊതിഞ്ഞു. പലരും അത് തടവി നോക്കി. തൊട്ടു നോക്കി. കൊട്ടി നോക്കി. തട്ടി നോക്കി. മണത്തു നോക്കി.

ആദ്യം ചിരിച്ചത് ഭട്ടതിരിയാണ്.

"ഇതെന്തോന്നിത്..!! ഒരു കൂമ്പൻ മരകഷ്ണം അല്ല്യോ... പണുതു തീർന്നില്ല്യാ?"

ഭണ്ഡാരക്കാരൻ ചെല്ലപ്പനോട്...

"നിനക്ക് തലക്ക് സുഖം ഇല്ലേ ചെല്ലാ... പാതി കഷ്ണിച്ച ഈ സാധനം നീറ്റിൽ ഇറക്കുമ്പോഴേ മുങ്ങൂലേ. തുഴയേണ്ടി വരൂല..'
കൂട്ടത്തിലെ പലരും അതു ശരിവച്ചു.

"ഇതിനെവള്ളംന്ന് ബുദ്ധിയുള്ളവരാരും പറയൂല.. ഇത് വള്ളമേ അല്ല.."





In fact, a chundan boat doesn't look like it will comfortably traverse the waters. Though graceful, there is something unsettling about it. It evokes a snake with its hood raised .... a horse with its forelegs frozen in mid-gallop. There is tremendous visual tension in its lines ... as if the next moment it's going to roll over.





"അതെന്താ ആ അറ്റത്തൊരു കൂർത്ത തല ... ഇത് വള്ളം ആണു പോലും. ഫൂ.."

അമരക്കാരൻ രാമൻപിള്ള അത്ഭുതത്തിൽ പറഞ്ഞു.

"ഈ ആകാശത്തോട്ട് നിൽക്കുന്നതാണോ അമരം..? തുഴക്കാരൻ എങ്ങിനാ അവിടേക്ക് കയറുന്നത്. പറന്നു കയറ്വോ.."

പ്രധാനപടയാളി ചന്തുക്കുറുപ്പു പറഞ്ഞു.

"ഇതു വെള്ളത്തിലിറക്കിയാൽ മറിയും. മുകൾക്കനം കൂടുതലാ."

ഏതോ പുതിയ ആശയം കണ്ടെത്തിയ കലവറക്കാരൻ പൊതുവാൾ പറഞ്ഞു

"അതു തന്നെ. അതു തന്നെ, വഴക്കംപോലെ ഇതു ആദ്യം നീറ്റിലിറക്കാം. മറിയും, താഴും. തീർച്ച!!! അപ്പോപ്പിന്നെ കീഴ്വഴക്കം തെറ്റിക്കാതെ ഇതുണ്ടാക്കിയവരും ഒപ്പം മുങ്ങേണ്ടി വരും ... ചാടിച്ചാകേണ്ടി വരും ... അതാണ് വഞ്ചിശാസ്ത്ര തത്വസ്മയീ ... ആരേയും പമ്പകടത്തുന്ന പ്രശ്നം നമുക്ക് പിന്നില്ല."

പെട്ടെന്ന് ഭട്ടതിരി കയ്യിലുള്ള ദണ്ഡുയർത്തി ചാടിത്തുള്ളി.

"കിട്ടിപ്പോയി... കിട്ടിപ്പോയി."

അയാൾ രാജസന്നിധിയിൽ തുള്ളിച്ചാടിയ ചെല്ലപ്പനെ അനുകരിച്ച് കളിയാക്കി.

"പടയ്ക്കുവേണ്ടി ഉണ്ടാക്കിയതല്ല കൂട്ടരേ ഈ കോപ്പ് ... അറിയില്ലേ ... ഇതു വരുണഭഗവാന് നേർച്ച ... ഒരു പുണ്യാഹം ... അടുത്ത പോര് ജയിക്കാൻ.'

ആളുകൾ പലരും വയറും പൊത്തി ചിരിച്ചു.

ഇതെല്ലാം കേട്ടിട്ടും സ്വന്തം ശിഷ്യൻ ചെല്ലപ്പന്റെ പുതിയ സൃഷ്ടി യുടെ മാസ്മരികതയെ മനസ്സിൽ ഉൾക്കൊണ്ടു നിൽക്കുകയായിരുന്നു ഗുരു പെരുന്തച്ചൻ.

പെരുന്തച്ചൻ ശാന്തമായി മൊഴിഞ്ഞു.

"അരുത് ... ... , പരിഹാസം പാടില്ല .....

കൂട്ടരേ, നിങ്ങൾ കാണുന്നില്ലേ. ... അടിയന്റെ കുട്ടികൾക്ക് സമയം കിട്ടാഞ്ഞിട്ടാ .... കർപ്പൂരധമനം, വൻതേക്കുമെഴുക് സന്നിവേശം, സ്ഫടികക്കാര ജലനിർമ്മാർജ്ജനം എന്നൊന്നും ശമനപ്രക്രിയകൾ ഇതേൽ അവരു നടത്തീട്ടില്ല. വെള്ളത്തിലിറങ്ങി തെന്നിപ്പായാൻ മുട്ടവെള്ള തേച്ചിട്ടില്ല. വെറുമൊരു മീനെണ്ണപ്പൂശൽ ചെയ്യാനേ അടിയന്റെ കുട്ടികൾക്ക് നേരംകിട്ടീള്ളൂ."

പെരുന്തച്ചൻ ഏതാനും ചുവടുകൾ ചുണ്ടന്നടുത്തേക്ക് നടന്നു.

"അത്രേം നിങ്ങൾക്ക് കാണാലോ?
എന്നാൽ നിങ്ങൾ കാണാത്തത് അടിയൻ പറയാം..."

ഒരു സ്വപ്നത്തിലെന്നപോലെ പതിയെ ചുറ്റിനടന്നുകൊണ്ട് പെരുന്തച്ചൻ പറഞ്ഞു.

"കണ്ടോ.. ആ നെടുങ്ങനെയുള്ള മാതാവിന്റെ മുകളിൽ യേരാവുകൾ ഉറപ്പിച്ചിരിക്കുന്നത് കണ്ടോ? ഗംഭീരംന്നല്ലാതെ എന്താ പറയാ. ... ലംബഖണ്ഡത്തിന് എത്രത്തോളം മുകളിലാണോ അമരം, അത്രയും തന്നെ താഴെയല്ലേ ജലയാനം പരന്നു കിടക്കാൻ ഒരു വെട്ടുമരത്തടി? മനസ്സിലായില്ലാ? ... അത് നീലകടമ്പാണ്.!!
ഈ സൃഷ്ടി വെള്ളത്തിൽ താഴില്ല! .... ഒരിക്കലും താഴില്ലാ !!"



Chellapan shrieked “That's what my kunthrandom is. .....
....... a battering ram on water”

മുന്നിൽ കാണുന്ന ബീഫൽസ വസ്തുവിനെ രാമൻപിള്ളയും പപ്പൻകുറുപ്പും ഒരാവർത്തികൂടി ചുഴിഞ്ഞു നിരീക്ഷിച്ചു .... എന്നിട്ടും വിശ്വാസം വരാഞ്ഞു പെരുന്തച്ചന്റെ വിവരണം ശ്രദ്ധിച്ചു.

“ഹോ! നിങ്ങൾ കാണുന്നില്ലേ ... അക്ഷധ്രുവത്തിന് മുകളിലേക്ക് അമരം ഉയർന്ന് നിൽക്കുന്നത്? ... കൂടിപ്പോയാൽ 2 കോൽ. അതു തിരശ്ചീനഖണ്ഡ ഗണിത വ്യാപ്തിക്ക് താഴെ മാത്രം!!

...... ഇതു തീർച്ചയായും ജലപ്പരപ്പിൽ ചെരിയത്തില്ല .... നെടുങ്ങനെതന്നെ നിൽക്കും.

അടിയനെവിശ്വസിക്കൂ ... ഇതൊരു അമൂല്യസൃഷ്ടി തന്നെ!”

ഇത്രയും കേട്ടതും മാനത്തു നിന്നും ഞാറ്റുവേല മഴത്തുള്ളികൾ ചൊരിയാൻ തുടങ്ങുന്നതുകണ്ട് പണ്ടാലയും പൊതുവാളും അതിശയിച്ചു പരസ്പരം നോക്കി.

പെരുന്തച്ചൻ കൈകൂപ്പി ആകാശം വണങ്ങി.

“ഹെന്റെ വരുണഭഗവാനേ.”

തെല്ല്മാറി ഒരു തെങ്ങുംചാരി ഇതെല്ലാം വീക്ഷിച്ച് നിന്ന ചെല്ലപ്പന്റെ കണ്ണുകൾ ഗുരുവിന്റെ വാക്കുകൾ കേട്ടതും താമരപ്പൂപോൽ വിടർന്നു.

താനുണ്ടാക്കിയ സൃഷ്ടിയുടെ സ്ഥായിത്വം ഗുരുമനസ്സിൽ തറഞ്ഞു എന്ന സത്യം അറിഞ്ഞതും ചെല്ലപ്പന്റെ കണ്ണുകൾ നിറഞ്ഞു.

ഒന്നും മിണ്ടാതെ നിൽക്കുകയായിരുന്നു പടത്തലവൻ മാത്തൂർ പണിക്കർ. പെരുന്തച്ചനിൽ ചൂഴ്ന്നിറങ്ങിയ സൃഷ്ടിചാതുര്യമൊന്നും ചെല്ലപ്പന്റെ പടക്കോപ്പിൽ പണിക്കർ കണ്ടില്ലെങ്കിലും എന്തോ പ്രഗത്ഭമായ കണക്കുകൾ ഇതിന്റെ രൂപരേഖക്ക് പിന്നിലുണ്ടെന്ന് ബുദ്ധിമാനായ അയാൾ മനസ്സിലാക്കി.

പടത്തലവൻ ചോദിച്ചു

“ഒക്കെ ശരിയാ. എന്നാലും ചോദിക്ക്യാ .... സത്യത്തിൽ .... ഇതെന്ത് കുന്ത്രാണ്ടാ..? ഈ കോപ്പ് കൊണ്ട് ഞാൻ പട എങ്ങനെ ജയിക്കും?”

തെങ്ങിൻചുവട്ടിൽ ഇരിക്കുകയായിരുന്ന ചെല്ലപ്പനാണ് അതിനുത്തരം പറഞ്ഞത്.

“പടത്തലവൻ അങ്ങുന്നേ... കരയിൽ യുദ്ധം നടക്കുമ്പോൾ ശത്രുവിന്റെ കോട്ടവാതിൽ പൊളിക്കേണ്ടി വന്നാൽ അങ്ങെന്ത് ചെയ്യും?”

പടത്തലവൻ നിസ്സാരമട്ടിൽ പറഞ്ഞു

“ഒരു ഉലക്കത്തടി കൊണ്ടുവന്ന് ഇടിച്ച് ഞാൻ പൊളിക്കും...”

അത്രയും കേട്ടതും ചെല്ലപ്പൻ ഉച്ചത്തിൽ ആർപ്പു വിളിച്ചു.

“ആർപ്പോ.. ഇറ്റ്രോ..ഇറ്റ്രോ..

“ആർപ്പോ.. ഇറ്റ്രോ..ഇറ്റ്രോ.. ഹ്ഹ”

അതൊരു സൂചനയായിരുന്നു. ചെല്ലപ്പന്റെ കൂട്ടർ വള്ളം തടഞ്ഞു നിർത്തിയിരുന്ന കീഴ്ഭാഗത്തെ മരത്തടിക്കിട്ട് ഒരു തട്ട് തട്ടി. വള്ളച്ചാലിന്റെ ചെരുവിലൂടെ തെന്നിപ്പാഞ്ഞിറങ്ങി ചെല്ലപ്പന്റെ ‘കുന്ത്രാണ്ടം’. മുനകൊണ്ട് ശാലയുടെ അടഞ്ഞുകിടന്ന കവാടം ഇടിച്ചുതകർത്തു ജലപ്പരപ്പിലേക്ക് കുതിച്ചു.

വെള്ളത്തിലോട്ട് ഇറങ്ങിയതും ഓളങ്ങൾക്കു മുകളിൽ തലയും ആട്ടി, ആനയുടെ ഗാംഭീര്യത്തോടെ നിൽക്കുന്നു നൂതനമായ ആ പടവെള്ളം. അവൻ ചെരിയുന്ന പ്രശ്നമേ ഇല്ലെന്ന് എല്ലാവരും അറിഞ്ഞു.

കാഴ്ച്ച കണ്ട് തുഴക്കാർ പരിസരം മറന്നു വിളിച്ചു.

“ആർപ്പോ... ഇർറ്റ്രോ... ഇർറ്റ്രോ, .. ഇർറ്റ്രോ ഹ്ഹ”

തുഴക്കാർ വെള്ളത്തിലേക്ക് കുതിച്ചു ചാടി, പടവള്ളത്തിൽ നീന്തിക്കയറി തുഴയാൻ തുടങ്ങി. ചുണ്ടൻ അലസം ഒഴുകുന്നത് കണ്ടതും ചെല്ലപ്പൻ അലറിവിളിച്ചു.

“അതാണെടാ എന്റെ കുന്ത്രാണ്ടം. അവന്മാരുടെ ഇരുട്ടികുത്തിക്കിട്ട് ഇടിക്കാനുള്ള ഉലക്കത്തടി!!”

അതു ശരിവെയ്ക്കും വിധം പെരുന്തച്ചൻ വീണ്ടും മന്ത്രിച്ചു. ‘

“ചുണ്ടൻ”

കഥ കേൾക്കുന്ന രാജാവും ചുണ്ടൻ ജലനിരപ്പിൽ നിൽക്കുന്ന കാഴ്ച്ച കാണും വിധം അറിയാതെ പറഞ്ഞുപോയി.

“ഗംഭീരം... ഗംഭീരം.. അതൊരു നിൽപ്പ് തന്നെയാണല്ലേ..”

തൊഴുതുകൊണ്ടു നമ്പ്യാരും പറഞ്ഞു.

“അതെ പൊന്നുതമ്പുരാനേ.. അതൊരു നിൽപ്പ് തന്നെയാണ്.

അമ്പലപ്പുഴക്ക് കിട്ടിയ സൗഭാഗ്യം! ’’

“അമ്പലപ്പുഴക്കു വേണ്ടി എത്രയും വേഗം പന്ത്രണ്ട് ചുണ്ടൻവള്ളങ്ങൾ പണിയാൻ നാം കൽപ്പിക്കുന്നു.” അതൊരു ആജ്ഞയായിരുന്നു.





“ചെമ്പകശ്ശേരിയാം നാടുവാണീടുന്ന
തമ്പുരാൻ കൽപ്പിച്ച കുന്ത്രാണ്ടമാണെടോ....
ഏറെപ്പടയാളി കേറിത്തുഴയുന്ന
വേറിട്ട വള്ളമൊന്നുണ്ടാക്കി വെച്ചു ഞാൻ....
ശത്രുത്തലകളെ വെട്ടി വീഴ്ത്തിക്കുവാൻ
എത്തിക്കുതിക്കും ഇടിത്താളമൊത്തവൻ..
ദൂരേക്ക് കാണുമ്പോളോരില്ലൊരുത്തരും
നേരൊത്തിതിൻ നീള മാളെത്രയെന്നതും..”



playable track on html page.

“ഇത് വെള്ളത്തിലിട്ടാ പൊങ്ങി കിടക്ക്വോ?”
നമ്പ്യാർ തരംഗിണി വൃത്തത്തിൽ ആടിച്ചാടി മറുപടി നൽകി.
“കട്ടത്തടിയിതു വെള്ളക്കെട്ടിൽ ഒട്ടും താണീടില്ലെട ഭോഷാ....
ആഞ്ഞിലി, ചക്കപ്ലാവ്, കടമ്പിവ പൊങ്ങി നടപ്പതു കണ്ടിട്ടില്ലേ?”

രാജാവിന്റെ പിന്നിൽ ചിത്രപ്പണിയുള്ള ചട്ടപ്പലകകളുടെ പാളികൾക്കിടയിൽനിന്നും ഒളിഞ്ഞു വീക്ഷിക്കുന്ന കുറേ സ്ത്രീകളും കാഴ്ച്ചക്കാരായുണ്ട്.

നമ്പ്യാർ തുടർന്നു പാടി.

“അത്തരമൊറ്റത്തടിയിൽകൊത്തി കുത്തിച്ചെത്തി
അകംകുഴിയാക്കി
തടിബല മിടിബല മിവകടുകട്ടി നീളക്കൂടുതൽ
വാൾക്കാരധികം”

“കുതിപ്പിന്റെ കാര്യത്തിൽ വാളൂരിവള്ളത്തോളം
വര്വോ ഈ പുതിയ സാധനം?”

താളം മിശ്രചായ്പിലേക്ക് മാറ്റി, നമ്പ്യാർ ഉത്തരം പാടി

“ഇരുട്ടുകുത്തി വാളെങ്കിൽ ഉറുമിയിവൻ, ചുറ്റി
ത്തിരിഞ്ഞു വെട്ടീടും, പോക്കിൽ കുതിപ്പൊട്ടു
കുറഞ്ഞാലും.
പഴംവള്ളം പടയികൽ തോറ്റിടുമ്പോൾ തിരി
ഞ്ഞോടാം
തുഴക്കാരു തിരിഞ്ഞിരുന്നിടിച്ചൊന്നു തുഴ
ഞ്ഞെന്നാൽ.”



“വാലും തലയും പൊക്കി നിൽക്കുന്ന ഈ വള്ളം പറഞ്ഞാൽ അനുസരിക്കുമെന്നാണോ?”

നമ്പ്യാർ കളകാഞ്ചിയിലേക്ക് വൃത്തം മാറ്റി. ഖണ്ഡചായ്പിൽ പാടി.

“പടനടുവിലൊരു കുതിര
മുൻകാലുയർത്തി നി-
ന്നടരാടിടും പോലെ
തലപൊക്കി നിൽപ്പവൻ
നെടിയ ഫണമുയരുമൊരു
നാഗേന്ദ്രനെപ്പോലെ
തലയെടുത്തുശിരോടെ
ചീറുന്ന വീര്യവാൻ.”

“കടുനെടിയ പങ്കായമമരത്തു
നിന്നുടൻ
പടുതയോടൊരു
വശത്താഞ്ഞു കുത്തീടുകിൽ
തിരിയുമൊരുനൊടിയിലിതു
വാലിൽ ചവിട്ടേറ്റ
കരിമൂർഖനെപ്പോലെ,
കാട്ടിത്തരുന്നു ഞാൻ.”



അജഗരഗമന വൃത്തത്തിൽ പാടി, മർമ്മതാളത്തിൽ ആടി നമ്പ്യാർ തുടർന്നു.

“തുള്ളൽക്കല തന്നിലുറച്ചൊരു
കാൽപദമിങ്ങനെയൂന്നീ
ഉള്ളിൽ വളരുന്നൊരു ഗർവ്വൊടുതൻ
മറുകാലുമുയർത്തീ
ഒറ്റക്കൈ മുകളിലുയർത്തി ഞെളിഞ്ഞു
വിടർത്തി വിളങ്ങീ
ഉപ്പൂറ്റിയിലൂന്നിയമർന്നു കറങ്ങിന നാട്യം
പോലെ.”

പാടിയാടി നമ്പ്യാരും വലതുകാൽ നിലത്തൂന്നി, ഇടതുകാൽ പൊക്കി തോളോളമുയർത്തി, വലംകൈ ഹംസപക്ഷമുദ്രയോടെ തലയ്ക്കു മുകളിൽ ഉയർത്തിപ്പിടിച്ച്, ഇടംകൈ മുഷ്ടിമുദ്ര മാറോട് ചേർത്ത് മുന്നോട്ട് നീക്കി, ഉപ്പൂറ്റി നിലത്തുറപ്പിച്ച് ഒന്നു കറങ്ങി ചുണ്ടൻ വള്ളത്തിന്റെ ഗാംഭീര്യത്തിൽ നിന്നു.





അമ്പലപ്പുഴയിലെ കൊട്ടാരംകടവു നിറയെ ആഹ്ളാദത്താൽ ആർപ്പുവിളിക്കുന്ന ജനസഞ്ചയം. അവിടെ കടവിലേക്ക് ചുണ്ടൻവള്ളങ്ങൾ നതോന്നത വൃത്തത്തിൽ വച്ചുപ്പാട്ടുംപാടി വിജയഭേരി മുഴക്കിക്കൊണ്ട് വന്നു കയറി.

"പുത്തനച്ചി പുരപ്പുറം മാത്രമല്ല മുറ്റമാകെ -
തൂത്തുവാരിത്തളിക്കുമെന്നറിഞ്ഞുകൊൾക"

"ഇഗ്രോ.... ഇഗ്രോ ഇർ ഠ ഗ്രോ ..."

"ചീറിവന്ന ഞങ്ങളുടെ പുതുപുത്തൻ പടവള്ള-
കൂറിനോട് തോറ്റു നിങ്ങൾ ഓടിയില്ലേ ഹാ! "

"ഇഗ്രോ.... ഇഗ്രോ ഇർ ഠ ഗ്രോ ..."

"ഇരുട്ടത്തുകുത്തിയാലും പടവെട്ടി ജയിക്കൂലാ
വിരുതുറ്റ പടക്കോപ്പിൻ വിജയംകണ്ടോ "

"ഇഗ്രോ.... ഇഗ്രോ ഇർ ഠ ഗ്രോ ..."

അമ്പലപ്പുഴ കൃഷ്ണന് മാലചാർത്തൽ നടക്കുന്നു. തൊഴുതു നിൽക്കുന്ന രാജാവിന്നു പിന്നിലായി ദൂരെ നമ്പ്യാരും പടത്തലവനും കൂട്ടരും ചെല്ലപ്പനെ കൊണ്ടുവന്നു നിർത്തി. അമ്പലപറമ്പിൽനിന്ന് ഇറങ്ങിവന്ന് തൊഴുതുനിൽക്കുന്ന ചെല്ലപ്പനെ പൊന്നുതമ്പുരാൻ ഒന്നു നോക്കി. എന്നിട്ട്, കൂടിനിന്ന അവർണ്ണരേയും സവർണ്ണരേയും ഒന്നാകെ അമ്പരപ്പിച്ചുകൊണ്ട് രാജാവ് ചെല്ലപ്പൻ എന്ന താഴ്ന്ന ജാതിക്കാരനെ മാറോട് അണച്ചു..!

ആളുകൾക്കിടയിൽ അതിശയശബ്ദം ഉയർന്നു. അവർ പരസ്പരം നോക്കി.

ഭട്ടതിരിയുടെ നെറ്റി ചുളിഞ്ഞു. നമ്പ്യാർ ചിരി അമർത്തി.

രാജാവ് ചെല്ലപ്പനെ വിളിച്ചു.

"വെങ്കിടനാരായണാ.... !"

അതൊരു നാമകരണമായിരുന്നു ... രാജകീയമായത്.

എന്നിട്ട് രാജാവ് പറഞ്ഞു

"സന്തോഷായി. ഒരുപാട് സന്തോഷായി. ഒറ്റ തുള്ളി രക്തം ചിന്താതെ, ഒരു തലപോലും കൊയ്യാതെ അമ്പലപ്പുഴയെ യുദ്ധത്തിൽ ജയിപ്പിച്ചത് നീയാണ്.

പറ. നിനക്കെന്താണ് ഈ പൊന്നുതമ്പുരാൻ തരേണ്ടത്. നിനക്കെന്താ വേണ്ടത്.... എന്ത് വേണേലും ചോദിക്കാം."

ചെല്ലപ്പൻ എന്തോ പറയാൻ ഒരുമ്പെട്ടു.

വാക്കുകൾ പുറത്തു വന്നില്ല.

എന്നാലും ഉള്ളിൽ നിന്നും വന്ന ഒരക്ഷരം മാത്രം എല്ലാരും കേട്ടു.

".................ണ്ണീ. .."

രാജാവ് ചോദിച്ചു.

"...ന്താ നോം കേട്ടേ ?! "

ചെല്ലപ്പൻ വിക്കി വിക്കി പറഞ്ഞു.

"ഉ... ണ്ണി...'

രാജാവ് അതിശയത്തോടെ ചോദിച്ചു.

"ഉണ്ണിയോ..? എന്ത് ഉണ്ണി...?!'

ആളുകൾക്കിടയിൽ നിന്നും ചെല്ലപ്പന്റെ പ്രായമായ അമ്മ മുന്നിലോട്ടു വന്നു. കൊടുപ്പുന്നയിൽ നിന്നും അപ്പോൾ അവർ അവിടെ എത്തിയതേയുണ്ടായിരുന്നുള്ളൂ. നെഞ്ചിൽ കൈവെച്ചു കരയുംപോലെ അമ്മ പറഞ്ഞു.

"ഹൊ.. ന്റപുള്ളേ.. ഇത്രേം വളർന്നിട്ടും ന്റപുള്ളക്ക് ഇപ്പോം ഉണ്ണിയപ്പം മത്യോ. എന്താ ഈ അമ്മ കേൾക്കണേ.."

രാജാവ് അന്തിച്ചു.



# 13

# വരവേൽപ്പ്

ചുണ്ടൻ - അദ്ധ്യായ ഭാഗങ്ങൾ



അമ്മ കണ്ണു തുടച്ചു.

"കുഞ്ഞായിരിക്കുമ്പഴേ ഉണ്ണിയപ്പം അടിയന്റ പുള്ളക്ക് പ്രാണനാ പൊന്നുതമ്പുരാനേ..'

പടത്തലവൻ നീരസത്തോടെ പറഞ്ഞു.

"ചെല്ലപ്പാ, കായംകുളം അമ്പലപ്പുഴേടെ ശത്രു. ശത്രൂനെ തോൽപ്പിച്ച് വന്നിട്ട് അവരുടെ ഉണ്ണിയപ്പം വേണംന്ന് പൊന്നുതമ്പുരാനോട് പറയുന്നത് നെറികേടാവില്ലേ?"

ഭട്ടതിരി ഏറ്റു പിടിച്ചു.

"നമ്മടെ പാൽപ്പായസത്തിന്റെ അതിർത്തീല് നിർത്താൻ പറ്റ്വോ.. അവരുടെ ഉണ്ണിയപ്പത്തെ!"

സംഗതി കലങ്ങും മുമ്പ് നമ്പ്യാർ ചുവടുമായി ചാടി വീണു.

"ഭോഷ്ക്ക് പറയാതെ വീരന്മാരെ...

വേറെയും ഉണ്ണിയില്ലേ മണ്ടന്മാരെ?
ഉണ്ണിയപ്പമൊന്നു മാത്രമല്ല മണ്ണിലുണ്ണിയായ്
കണ്ണനുണ്ണികൾ, കണ്ണിലുണ്ണികൾ, എണ്ണുകിൽ പലപല ഉണ്ണികൾ"

പിന്നെ നമ്പ്യാരുടെ സംസാരം രാജാവിനോടായി.

"പൊന്നുതമ്പുരാനേ.. പടവള്ളം പുതുവള്ളം എന്നു അമ്പലപ്പുഴ ഏങ്ങിയപ്പോൾ നമ്മളാരെങ്കിലും വിചാരിച്ചോ ചെല്ലപ്പന്റെ മനസ്സിൽ ചുണ്ടനായിരുന്നൂന്ന്. അതുപോലാ ഈ ഉണ്ണീ...ന്ന് പറയുന്നതും. അമ്മ പറഞ്ഞത് നേരാ. ചെല്ലനായിരുന്നപ്പം അത് ഉണ്ണിയപ്പമായിരുന്നൂ. എന്നാ ചെല്ലപ്പനായ് വളർന്നപ്പോ അത് ഉണ്ണിച്ചിരുതയായി.

**ഉണ്ണി സമം ഉണ്ണിച്ചിരുത**".

ആർക്കും ഒന്നും പിടികിട്ടാതെ നിൽക്കേ, രാജാവ് ചോദിച്ചു.

"അങ്ങിനൊരു ആഗ്രഹം ഈ വീരനുണ്ടെങ്കിൽ, കൊടുത്തിരിക്കും. എവിടെയാണ് ആ ഭാഗ്യവതി."

ഉള്ളിൽ നിറയുന്ന സന്തോഷത്തോടെ ചെല്ലപ്പൻ തൊഴുതു. ഇക്കുറി കുഞ്ചന്റെ സഹായം കൂടാതെ തന്നെ പറഞ്ഞൊപ്പിച്ചു.

"കായങ്കുളത്താണ് പൊന്നുതമ്പുരാനേ. അവിടത്തെ കളരിഗുരുവിന്റെ മകൾ. തെക്കുന്നും വന്നൊരു ഈഴവ.. അല്ല, തീയ്യത്തി പെൺകൊടി. അടിയന്റെ ഉണ്ണിച്ചിരുത."

എല്ലാവരും വീണ്ടും ഞെട്ടിത്തകർന്നു നിൽക്കുന്നു.

ഭട്ടതിരി എന്തോ രാജ്യദ്രോഹം കണ്ടെത്തിയതുപോലെ മുരണ്ടു.

"കായങ്കുളത്തോ? ശത്രു രാജ്യത്തോ! നിനക്ക് അവിടുന്നേ എന്തും വേണ്ടൂ..?"

രാജാവ് ഭട്ടതിരിയെ തടഞ്ഞു. "ഊം!"

പിന്നെ പ്രൗഢ ഗാംഭീര്യത്തോടെ പറഞ്ഞു.

"ചോദിച്ചത് ചെമ്പകശ്ശേരി ദേവനാരായണൻ തമ്പുരാൻ. ആവശ്യം ഉണർത്തിച്ചത് അമ്പലപ്പുഴക്ക് പ്രാണൻ വീണ്ടെടുത്തുതന്ന വെങ്കിടനാരായണനാശാരി. അവന് ഉണ്ണിച്ചിരുത ഒന്നേ ഉള്ളൂ.. അത് കായംകുളത്തായാലും ദേവലോകത്തായാലും കൊടുത്തിരിക്കണം..'

രാജാവ് പടത്തലവനെ വിളിച്ചു.

"പടത്തലവൻ മാത്തൂർ പണിക്കരേ, കായംകുളത്തിനെതിരെ ഇതുവരെ യുദ്ധത്തിനല്ലേ പോയിട്ടുള്ളൂ. ഇനി അവിടത്തെ പടത്തലവനെ പിടിച്ചു കെട്ടിയോ കെട്ടിപിടിച്ചോ ഉണ്ണിച്ചിരുതയെ ചോദിക്ക്. തന്നില്ലെങ്കിൽ വാങ്ങിക്ക്.

## 20 പടയൊരുക്കം



കനത്ത കോപത്തോടെ രാജാവ് പെട്ടെന്ന് എഴുന്നേറ്റ് അലറി.

"ഒരക്ഷരം മിണ്ടിപ്പോകരുത്."' പിന്നെ ചെല്ലപ്പനു നേരെ വിരൽചൂണ്ടി മാത്തൂർ പണിക്കരോട് ആജ്ഞാപിച്ചു.

"ഒരു പെണ്ണിനു വേണ്ടി അമ്പലപ്പുഴയെ ഒറ്റിക്കൊടുത്ത ഇവനെ പിടിച്ചുകെട്ടി ആനച്ചങ്ങലക്കിട്ട് കൊട്ടാരത്തിന്റെ തുറുങ്കിലടക്ക്. ഇന്നേക്ക് ഇരുപത്തൊന്നാം നാൾ ഇവന് വധശിക്ഷ. തലവെട്ടിയെടുത്ത് നാട്ടുചന്തയിൽ മൂന്ന് ദിവസം ചതിയക്കോലിൽ കുത്തി നിർത്ത്. നമ്മൾ വീരനെന്നും പെരുന്തച്ചനെന്നും പ്രകീർത്തിച്ച ഇവൻ രാജ്യത്തെ ഒറ്റിക്കൊടുത്ത കഥ നാടു മുഴുവൻ അറിയട്ടെ."

ഞെട്ടിപ്പോയ ചെല്ലപ്പൻ ചൂണ്ടി നിന്ന തിരുവിരലിനു മുമ്പിൽ തൊഴുതു നിന്നു. വിറച്ചു.

രാജാവ് അവനെ കനത്ത ക്രോധത്തോടെ ഒന്നു നോക്കി.

മുന്നിൽ നിന്നും പോ.... എന്ന വിധം ആംഗ്യം കാട്ടി.

* * * * * * * *

അമ്പലപ്പുഴ കൊട്ടാരത്തിൽ കായകുളത്തുനിന്ന് ദൂത്‌വന്ന ഓലയും പിടിച്ചു നിൽക്കുന്ന പൊന്നുതമ്പുരാൻ ദേവനാരായണനും ഏതാണ്ട് ആ അവസ്ഥയിൽ തന്നെ ആയിരുന്നു. സത്യം മനസ്സിലാക്കാതെ ചെയ്തുപോയ അപരാധം ഓർത്ത് വ്യസനിച്ചു. പിന്നെ ഓല നെറ്റിയിൽ മുട്ടിച്ച് തൊഴുത് പ്രാർത്ഥനപോലെ പറഞ്ഞു.

"അമ്പലപ്പുഴത്തപ്പാ, കൃഷ്ണാ.., ഒരു ബ്രാഹ്മണൻ കൂടിയായ നോം... എന്താ ചെയ്തത്.. "

തടവറയിൽ ചെല്ലപ്പൻ ജാലകത്തിനരികിൽ കാറ്റിനു മുഖംകൊടുത്ത് നിശ്ശബ്ദം ഇരുന്നു. തീരെ ക്ഷീണിതനാണ്. തെല്ലിട നേരം ഇരുന്നതും എന്തോ ഒരു ഉൾവിളിയെന്നവണ്ണം വാതിൽക്കലേക്ക് നോക്കി.

താഴെ വാതിൽക്കൽ അഴിയുംപിടിച്ച് രാജാവ് തന്നെയും നോക്കി നിൽക്കുന്നു.



## 24 തിരുദേവനാരായണനാമം

അമ്പരന്ന ചെല്ലപ്പൻ സാവകാശം താഴെ ഇറങ്ങി. അകത്തുകടന്ന തമ്പുരാനോട് എന്തു പറയണമെന്നറിയാതെ, പൊന്നുതമ്പുരാൻ..ന്ന് മന്ത്രിച്ച് വണങ്ങുന്നതും രാജാവ് ചെല്ലപ്പനെ പിടിച്ചു. പതിയെ മാറോടു അണച്ചു.

തെല്ലിട അങ്ങിനെ നിന്നു രാജാവ്.

പിന്നെ പിടിവിട്ട്, ശബ്ദം താഴ്ത്തി.

"നോം ഇത്തിരി നേരം ഇവിടെ ഇരിക്കട്ടെ..."

രാജാവ് ആ നിലത്ത് വൈക്കോലിൽ ചമ്രം പടിഞ്ഞു.

വിശ്വാസം വരാതെ ചെല്ലപ്പൻ മുന്നിലും.

നിശ്ശബ്ദം ക്ഷമ ചോദിക്കുകയാണ് രാജാവെന്ന് ചെല്ലപ്പന് മനസ്സിലായി.

ചുറ്റും നോക്കി തന്നോടെന്ന പോലെ രാജാവ് ചെല്ലപ്പനോട് ചോദിച്ചു.

"ഇതിനകത്തൊക്കെങ്ങനാ ജീവിക്കാൻ പറ്റുകാ...?"

ചെല്ലപ്പനും ചുറ്റും നോക്കി.

രാജാവ്, "തനിച്ചായിരുന്നല്ലേ ...?"

മറുപടിയില്ലെന്നറിയുംപോലെ രാജാവ് തുടർന്നു.

"ചിലനേരം കൊട്ടാരത്തില് നോമും തനിച്ചാണ്..."

വാക്കുകൾ പതറവേ രാജാവ് കയ്യിലെ ഓല ചെല്ലപ്പന് നൽകി.

ചെല്ലപ്പൻ അതിൽ നോക്കി. രാജാവ് തുടർന്നു.

"ഒറ്റ തലയും പോയില്ല. ഒറ്റ കതിരുപോലും കൊയ്തില്ല. ഇനി പടയൊന്നും വേണ്ടെന്ന്പറഞ്ഞാ കായങ്കുളം നമ്മോട് സന്ധി ചോദിക്കണേ. അല്ലെങ്കിൽ എന്തിനാ പട? ചുണ്ടനും ചുണ്ടനല്ലാത്തതും ഒക്കെ കായലിലൂടെ ഒഴുകി ഇനി വല്ല ആഘോഷങ്ങൾക്കോ യാത്രക്കോ ആവട്ടെ അല്ലേ..."

ചെല്ലപ്പന് ഉത്തരമൊന്നും കിട്ടിയില്ല.

രാജാവ് അവനെ തഴുകി.

"നിന്നെ നോം മനസ്സിലാക്കിയില്ല. എന്ത് പ്രായശ്ചിത്താ ചെയ്യണ്ടേ... ഇനിയുള്ള ജന്മം ആശാരിയായി ജനിച്ച് നീ അനുഭവിച്ചതെല്ലാം നോം അനുഭവിക്കട്ടേ..."

ചെല്ലപ്പൻ തൊഴുതു.

"വേണ്ട പൊന്നുതിരുമനസ്സേ..."





chapter 9.

# THE WAR CRY

Nangeali, the outraged parrot shrieked again to a disbelieving king .....

"I tell you, Kayamkulam is building ഋ boats".

The King shouted,

"Aaravidey, … Commander Panicker and Carpenter Chellappan, ... on the double".

They rushed to his presence.

"How did Kayamkulam come to know the technique of ഋ building?" demanded the king.

"Because I told Unni-Chirutha" answered Chellappan innocently.

"What" screamed Commander Panicker unmindful of the presence of his sovereign. "When did you do this?"

"Oh, just when she was about to hit me" answered Chellappan.

Panicker, "What? …. when?"

"…the day the betrothal broke down"

"Where?"

" … at Commander Nair's …. while you were all busy fighting".

By now the King had collapsed into his throne.

"But … how could you do that?" shouted the dumbfounded Commander.

" …Oh, you see, lord … she was coming at me hammer and tongs. Spirited girl … no use trying to ward her off … next best thing I could do … give her what she wanted."

said Chellappan revealing a facet of his character even he had not known existed!

" … I told her how the ഋ is constructed. She got it immediately, … smart girl.

.... why, I even gifted her a scale model of the ഋ I had carried with me ...."

Panicker's eyes were ready to pop. The King's eyes were already pointed heavenwards.

Chellappan was astute enough to realize that the situation was rapidly heading south.

"… Oh! Please try to understand Sire; I forgot to tell you ….. the ഋ model was anyway my special gift to her. … she was so touched . She promised me that Kayamkulam shall keep its part of the bargain …"

**ഋ - code word for Chundan**

King and Commander did not know what to say.

"Sire, I give you my word ... there is no cause for alarm ….. Oh! Definitely not about their ഋ boats !!"

Commander Panicker could only stare at him open mouthed.

"Do not worry sire", assured Chellappan "Lord Commander, believe me; … I will myself be at your side … when their ഋs come in !"

The King could just about manage a royal mutter

"You are not going anywhere … Lock him up!!"

## The month of *Dhanu* — with Aries on the ascendant.

On the sixth day of the month news came that Kayamkulam was launching an attack. On the seventh day their new ഋ fleet was on its way!

"There they come … the Kayamkulam ഋs"

Nangeali the parrot screeched.

It was a dispirited Commander Panicker who prepared to face the enemy with his vastly outnumbered ഋ boats.

Before he left for the battle, the Commander went to see Chellappan in prison. Kunjan was the only visitor allowed in and he was there comforting his disgraced friend.

One look at the Commander, … and Chellappan and Kunjan realized that it was Panicker who needed comforting.

"തകിട തകധിമി, തകിട തകധിമി". 7/8

Suddenly the house guards were surprised to hear dance steps in the cell. Peeping in, they saw their Commander being given dance lessons. With Kunjan rendering verses in rhythmic vanchi paattu — boat song, Chellappan was drumming and demonstrating some *padayani chuvadu* — martial parade steps, to Panicker. He mimicked first an elephant walking, then a damsel mincing ... and so on.



"തലപ്പൊക്കം, നടച്ചന്തം, തിടമ്പേറ്റും കൊമ്പനാന
അടിയൊരണുവിട തെറ്റിയാൽ, തകിട തരികിട
ധൃമിത തോം"

That was an elephant walk being demonstrated. Even with one misstep, a pachyderm shall fall.

"കടക്കണ്ണും, മുടിക്കെട്ടും, നെഞ്ചുലയ്ക്കും
കണ്മണിയാൾ
തലയിലൊരു കനമേറിയാൽ, തകിട തരികിട
ധൃമിത തോം".

That was a woman trotting. Her head swollen with pride, she topples over.



"അമരത്തും, അണിയത്തും, തുഴകുത്തും
'കുന്തരാണ്ടം'
പിഴയൊരിഴ തുഴ തല്ലിയാൽ തകിട തരികിട
ധൃമിത തോം".

That was the ഋ boat.

A wrong turn ... and it overturns!

In this dance step demonstrating a ഋboat capsize, Chellappan fell headlong towards Panicker ... to hit the ground .. barely missing the Commander's nose by a nose length. Realizing the joke, Panicker burst out laughing. Chellappan and Kunjan were gratified to see Panicker cheered up. But the soldiers were surprised see their Commander come out from the prison laughing. He laughed all the way to the battle front!

{To state a fact, it would not have been strange to see Commander Panicker taking a few martial dance steps. Mathoor Panicker, as he was known to his close acquaintances, is honored to this day as the choreographer of the famous Ambalapuzha *velakali* — a martial dance. Still, with the invasion coming, is this the appropriate time for entertainment? .... Panicker's soldiers wondered : - Ed}

## The Battlefront. Daytime.

Ambalapuzha fleet reached the fork in the waterway, where river Pamba meets the Achankovil stream, and waited. The Kayamkulam fleet approached and slowed to a halt. While studying Panicker's battle formation, Commander Nair of Kayamkulam made sure there were no ambushes this time. And then he entered into a time-honored battle ritual with Panicker ... an abusive verbal combat ensued. This was an essential prelude to the physical confrontation.

{Conflicts may be day-to-day occurrences in human life. But getting into actual tussle is a serious matter ... since the consequence involves bloodletting. To trace the evolutionary origins of what is going to be narrated here as *prelude to the battle charge, we need first to look at how street dogs get into the business of canine melee.



Once they agree upon the bone of contention, the canine rivals will work up their fury with abuses (in their mother tongue) before two dogs can physically engage in teeth to teeth combat. Being primates and mammals, our conflicts also resemble this ritual .... but we take after our biological cousins, the chimpanzees, albeit with a higher degree of sophistication.

Down history, we find that the Normans rattled their sabers before the first slash. African warriors drummed up courage before the first spearing.

The Romans decurions promised great war booty to motivate their legions. Colonial cavalries screamed purpose-designed battle cries (Remember Cawnpore .... !) to work up courage before the charge. Coming to the Indian peoples, the war-wailing Rajput women in Punjab and the breast beating Theavar women in Tamilnadu are examples for arousing their warriors to battle frenzy.

In modern era, this onerous duty has been wholly taken over by the media. They discharge this through impassioned reality shows, acrimonious contests, hyper-charged panel discussions and provocative interviews. It's no joke to overcome one's own survival instinct. To venture into a kill-or-get-killed situation, it takes ample hysterics & histrionics.

Now, among the malayalee denominations of Keralam, this ritual before shedding the first blood was always conducted in the manner of man's best friend : - Ed}



*prelude to the battle charge (1) PLAY VIDEO



This exchange ideas and salutations went on for sometime between the contestants of Kayamkulam and Ambalapuzha with neither side becoming provoked enough to charge. That was when Commander Panicker of Ambalappuzha broke the stalemate with the ultimate malayalee insult! …… silent, but most effective!!

*prelude to the battle charge (2) PLAY VIDEO



At this shameful gesture by Panicker, an enraged Commander Nair charged forward with his fleet. But instead of confronting the enemy, Commander Panicker signaled his boats to retreat!

-------------------------



## chapter 10. THE FINISH

Twenty ഋ boats charging forward was an awesome sight indeed!

No wonder, Commander Panicker shrieked in what sounded like parroting Nangeali

"There they come … the Kayamkulam ഋs"

Commander Panicker then shouted,

“Retreat, retreat …”

And all Ambalapuzha ഋs wheeled around and made quickly for home.

{Oh, Lord Krishna! ... such cowardice for a valiant war veteran! : - Ed}

Naturally, a chase ensued. Kayamkulam’s twenty ഋs bore down with victory cries on the gutless fleeing Ambalapuzha ഋs.

Both navies were going full ahead around the *Cheruthana* river bend. Then, on a signal from the lead boat, helmsmen of every Ambalapuzha ഋ plunged their long steering oars into the water as a pivot.



High above the water, hovering kingfishers were treated to a remarkable sight. Twelve ഋs were scribing semicircles of churning water. There go the prospects of a good lunch, the birds thought.

As the Ambalapuzha ഋs completed their U-turns* they were brought head-on to the oncoming Kayamkulam ഋboats.

{*This is a time-honored naval maneuver for bringing one's craft into combat position - broadside to broadside. This enables the soldiers to board the opponent's craft and effectively deploy weapons in a hand-to-hand fight. - Ed}

When they saw the Ambalapuzha ഋboats fan around ahead of them, still cruising at full speed, bewildered Kayamkulam helmsmen caught off-guard, started to execute the same maneuver. This was a disaster.



All of the twenty Kayamkulam ഋs started the pivoting turn. Only to realize that all ഋs are not created equal. Like misstepping elephants, ... like swollen headed women, ... one after the other, the twenty Kayamkulam ഋs started turning turtle.

Their heavy heads could not regain stability at the completion of the U-turn.

Leading the pack, it was Nair's boat that did the first U-turn. On completing the capsize it was Nair who first tumbled into the water … falling headlong towards Panicker .. barely missing his nose by a nose length .... and making an embarrassingly massive landing splash.

This action executed by the Kayamkulam Commander was followed by his faithful soldiers. Within seconds every combatant of Kayamkulam found himself in the water .. .. right in front of the enemy soldiers.

“Dhumm - Ss laa ..ssh !” ... “Dhumm - Ss laa ..ssh !” ... “Dhumm - Ss laa ..ssh !” (repeat 17 times more).

The tumult of twenty capsizing ഋs and their plunging occupants made the waters at Cheruthana river bend erupt and boil.

As the waves and the froth settled, Kayamkulam heads slowly started surfacing above the ripples. The first to emerge was Nair. Looking woefully at Panicker, he spat out a mouthful of water. Panicker once again burst out laughing. He was recalling Chellappan’s prison cell performance demonstrating a ഋboat capsize. Soon the laughter spread to the Ambalapuzha soldiers. The sight of hundreds of dripping, pathetic, sheepish faces looking up at them cranked up their laughter. As they tried to tried futilely to stifle* their laughter, they had to let go their weapons. Swords and shields started splashing into the water. Soon, convulsed with laughter, Ambalapuzha soldiers were falling overboard. At this strange sight, Kayamkulam soldiers, despite their watery plight, also had to laugh.

The laughing match between the two greatest navies of the era continued till sundown. Finally, Commander Panicker, one hand holding his aching belly, extended the other to help Commander Nair out of the water. This signaled an end to the **Battle of the Laughing Waters**.

{It was our poet Kunjan who later christened the Cheruthana river bend, where the battle took place, as 'Laughing Waters'. This is pure Malabar sarcasm. Linguistic scholars should not confuse this with a similar sounding Apache Red-Indian name: - Ed}

Since humor and laughter had found the solution to the longstanding acrimony between Ambalapuzha and Kayamkulam, it was now time for the strangest of bridal processions that has ever navigated the waters between Krishnapuram and Ambalapuzha . Strange, because here was a proud Commander Nair of Kayamkulam, making towards Commander Panicker of Ambalapuzha who had just now defeated him in the battle! Nair was bringing the bride from Kayamkulam for the Royal carpenter of Ambalapuzha.

{I have heard a saying which I quote here in manglish *"angaadiyil thottathinu ammayodu …"*. I have a feeling that this invented pride, as exhibited by Commander Nair above, characterizes yet another psyche, defying logic, unique to the malayalees. The dichotomy of pride masking their shame : - other Ed}

{And I have a feeling that the above character signing himself as "other Ed" is a racist who holds grudge against all Mallus. I have been carefully analyzing his comments. If you had lost out on a job stint in Dubai against a Mallu, just shut up man! : - Ed}

It was a wedding such as the temple town Ambalapuzha had never seen before and would not, for some time to come. The warmest of weddings was that between Chellappan and Unni-Chirutha. Royal representatives from both kingdoms were present. Both the kings had sent their ‘royal staffs’ through special staff bearers. Starting with unniappam, the sumptuous wedding feast worked its way through thirty-two exquisitely prepared malayalee delicacies rounded off by Ambalapuzha paal-payasam. Kunjan Nambiar*, officiated as master of ceremonies, and with his not inconsiderable sense of extempore humor, regaled the guests.

.................................... box

* an academic note on Kunjan Nambiar, the favorite poet of keralites.

box ....................................

The guests were smiling, the hosts were content, the groom looked dignified, the bride looked coy enough (for a kalari Chekava pennu — warrior girl; that is).

All was fine till the topic of discussion, alas, once again came to the contentious issue - the ഋ !

Kunjan was extolling the bride for her patriotism and her loyalty to her man; a mutually conflicting predicament that she handled with adroit diplomacy. Kunjan showered praises on the bridegroom for his love for his bride and the unique presence of mind he displayed when he withheld the crucial design secret of the Ambalapuzha ഋ; whatever it was.

Even as he crooned his paeans of praise, a question suddenly popped into Kunjan’s mind. How did Chellappan manage to withhold that secret?

"Eda, Chellappa … how did you manage that" he asked him in mid-thullal-step, oblivious of a performer's primary duty towards his audience.

“Oo … athu pinney ... enthu parayaan ?” scratching his head and thereby losing the recently groomed dignity, yet displaying disarming innocence, the bridegroom stuttered “No, really; ... I didn't withhold anything. I think it's the old saying come true … 'Kayamkulam women are swollen-headed’ … the boats she made came out just as top heavy as she is!”

As laughter erupted all around, the coy bride turned into the furious martial artist. Ripping out a banana tree from the *pandal alangaaram* — stage decorations, she started chasing the bridegroom. She kept whacking at him with the leafy trunk as he ran through the crowd seeking cover. Most of the blows landed on the royal guests who came to his rescue.

To be fair to the groom, it is to be recorded here that, as he went, Chellappan shouted out warning everybody to get out of the way.

"Make way, make way! …. Watch out … she's a spirited girl, my woman … make way. Let her vent her fury out … let's wait it out!"

Chellappan knew well enough that it was futile to try to calm her down. One had to wait for this storm to blow over. Our story ends here with the bridal chase at full speed.

